പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

02.11.2016 - ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 5526

യന്ത്രവൽകൃത കയർ ഉൽപ്പാദനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | ഡോ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
| എ) സംസ്ഥാനത്ത് യന്ത്രവൽകൃത കയർ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ)<br>2016-17 ബജറ്റ് പ്രസംഗത്തിൽ എല്ലാ നിയന്ത്രണങ്ങളും ഒഴിവാക്കി കയർ മേഖലയിൽ യന്ത്രവത്ക്കരണം **നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.** കൂടാതെ ചകിരി ഉത്പാദിപ്പിക്കുന്നതിന് പുതിയ യൂണിറ്റുകൾക്ക് 50% ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകും.ഉല്പാദന മേഖലയിലെ പുതിയ യന്ത്രവൽകൃത ഫാക്ടറികൾക്ക് കയർ ബോർഡ് സബ്സിഡിക്ക് പുറമേ സംസ്ഥാന സർക്കാറിന്റെ അധിക സബ്സിഡിയായി 10% സബ്സിഡി നൽകും. ആലപ്പുഴയിൽ പിവിസി കയർ അവശിഷ്ടങ്ങൾ സംസ്ക്കരിച്ചു ബോർഡുകളാക്കുന്നതിന് സംയുക്ത സംരംഭം ആരംഭിക്കുന്നതാണ്. ഇതേ മാതൃകയിൽ മലിനജലം ശുദ്ധീകരിക്കുന്നതിനും ഒരു പദ്ധതി നടപ്പിലാക്കും. |
| ബി) പ്രസ്തുത തീരുമാനം പരമ്പരാഗത തൊഴിലാളികൾക്ക് ഇടയിൽ സൃഷ്ടിച്ചിട്ടുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ; | ബി) &സി) പുതിയ നയം പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയോ വരുമാനത്തെയോ ബാധിക്കില്ലെന്ന് ഉറപ്പ് വരുത്തുന്നതിലേയ്ക്കായി സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന കയർ മുഴുവൻ മിനിമം കൂലി ഉറപ്പു വരുത്തി കയർഫെഡ് സംഭരിയ്ക്കും ഈ കയർ ഉപയോഗിച്ച് നെയ്യുന്ന ചെറുകിട ഉല്പാദകരുടെ ഉല്പ്പന്നം മുഴുവനും കയർ കോർപ്പറേഷൻ അംഗീകൃത വിലയ്ക്ക് സംഭരിക്കും. |
| സി) യന്ത്രവൽകൃത കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലൂടെ പരമ്പരാഗത തൊഴിലാളികൾക്ക് ഏതെങ്കിലും തരത്തിലുള്ള തൊഴിൽ നഷ്ടം ഉണ്ടാകാൻ ഇടയുണ്ടോയെന്ന കാര്യം വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ